കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് - ത്രീ ഫേയ്സ് കണക്ഷന് വേണ്ട പ്രവൃത്തികൾ ചെയ്തയിനത്തിൽ തുക ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.135/2013/തസ്വഭവ    തിരുവനന്തപുരം, തീയതി, 19/01/2013

---

പരാമർശം:- ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07/11/2012 ലെ C2-1762/11 നമ്പർ കത്ത്

ഉത്തരവ്

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ രജിസ്റ്റേർഡ് കണക്ടഡ് ലോഡ് 02 കിലോവാട്ട് ഉപയോഗിച്ചിരുന്നത് ഓഫീസിന്റെ കെട്ടിട സൗകര്യവും പ്രവർത്തനവും വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ 08 കിലോ വാട്ടായി വർദ്ധിക്കുകയും ആയത് റഗുലറൈസ് ചെയ്തില്ലെങ്കിൽ കണക്ഷൻ വിച്ഛേദിക്കുമെന്ന് കെ.എസ്.ഇ.ബി. അധികൃതർ അറിയിക്കുകയും, മെയിൻ സ്വിച്ചും അനുബന്ധ ഉപകരണങ്ങളും കത്തിനശിക്കുകയും ചെയ്തതിനാൽ ലോഡിന് അനുസരിച്ച് ത്രീഫേയ്സ് കണക്ഷന് വേണ്ട പ്രവൃത്തികൾ അടിയന്തിരമായി ചെയ്ത് കെ.എസ്.ഇ.ബി.യിൽ തുക അടച്ച് ക്രമീകരിച്ച ഇനത്തിൽ, പ്രോജക്ട് തയ്യാറാക്കാതെ 88,613/- രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്ന് പരാമർശ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ കണക്ടഡ് ലോഡ് വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ലോഡിന് അനുസരിച്ച് ത്രീഫേയ്സ് കണക്ഷന് വേണ്ട പ്രവൃത്തികൾ ചെയ്ത് കെ.എസ്.ഇ.ബി.യിൽ തുക അടച്ച് ക്രമീകരിച്ചതിന് ആകെ **88,613/- (എൺപത്തിയെട്ടായിരത്തി അറുന്നൂറ്റി· പതിമൂന്ന് രൂപ)** 2010 മാർച്ച് മാസം പ്രോജക്ട് തയ്യാറാക്കാതെ ചെലവഴിച്ച ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് നടപടി സാധൂകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം).

**എസ്. ഡി.സുനിൽ കുമാർ,**

അണ്ടർ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം.
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.